9495
31/7/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - NGO അക്രഡിറ്റേഷൻ അപേക്ഷ ക്ഷണിക്കുന്നതിനായുള്ള പത്രപരസ്യം PRD നിരക്കിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.466/2015/സാനീവ    തിരുവനന്തപുരം, തീയതി, 29.07.2015

==========================================================

പരാമർശം : (1) ജി.ഒ (എം.എസ്) 104/13/സാനീവ തീയതി 30.11.2013

(2) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.04.2015 ലെ എയു 1 - 12149/15 നം. കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിൽ, വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും സേവനമികവും ആധികാരികതയും ഉറപ്പാക്കി സന്നദ്ധസംഘടനകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനും പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സംഘടനകളുടെ പ്രാതിനിധ്യം പരമാവധി ഉറപ്പാക്കി സംഘടനകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി അപേക്ഷ ക്ഷണിക്കുവാൻ വിപുലമായ പത്രപരസ്യം നൽകേണ്ടതുണ്ടെന്നും ആയതിലേയ്ക്കായി 2 മലയാള പത്രങ്ങളിലും (മലയാള മനോരമ, മാതൃഭൂമി) 2 ഇംഗ്ലീഷ് പത്രങ്ങളിലും (ഇന്ത്യൻ എക്സ്പ്രസ്, ദി ഹിന്ദു) സംസ്ഥാനതലത്തിൽ ക്വാർട്ടർഷീറ്റ് പത്രപരസ്യം നൽകുന്നതിന് പരസ്യക്കൂലി ഇനത്തിൽ ആവശ്യമായ 8,14,000/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, സന്നദ്ധസംഘടനകളിൽ നിന്നും അക്രഡിറ്റേഷനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യങ്ങൾ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പത്രങ്ങളിൽ നൽകണമെന്ന വ്യവസ്ഥയിൽ 8,14,000/- രൂപ (എട്ടു ലക്ഷത്തി പതിനാലായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-104-83 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ & ഇ) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide File No. 38443/WW3/15/Fin)
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
✓വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ